കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് യാത്രാ സൗജന്യം

7 [212] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
„ *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് യാത്രാ സൗജന്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മുതിർന്ന പൗരന്മാർക്കുവേണ്ടി ഏറ്റവും കുറഞ്ഞത് 5 സീറ്റുകൾവീതം ഓരോ ബസ്സിലും നീക്കിവയ്ക്കാൻ നിർദ്ദേശം നൽകുമോ;

(സി) ദീർഘദൂര ബസ്സുകളിൽ വാട്ടർ കൂളർ/ഫിൽറ്റർ ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ മുതിർന്ന പൗരന്മാർക്കുവേണ്ടി രണ്ട് സീറ്റുകൾ കെ.എസ്.ആർ.ടി.സി. നീക്കിവച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ സീറ്റുകൾ നീക്കിവയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗതാഗതനയം

8 [213] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
„ *വി. കെ. ചന്ദ്രൻ:*
„ *വി. കെ. സി. മമ്മത് കോയ:*
„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു ഗതാഗതനയം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിലയ്ക്കുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ മോട്ടോർ വാഹനരംഗത്തെ തൊഴിലാളി സംഘടനകൾ ഇത് ഉൾപ്പെടെ ജീവൽപ്രധാനങ്ങളായ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പ്രസ്തുത ആവശ്യങ്ങളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നടപ്പിലാക്കി കിട്ടുന്നതിന് മോട്ടോർ തൊഴിലാളികൾ പണിമുടക്ക് സമരത്തിലേർപ്പെടാൻ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗതാഗത നയരൂപീകരണത്തിന് ശേഷം സംസ്ഥാന ഗതാഗത നയം രൂപീകരിക്കുന്നതാണ് ഉചിതം എന്നതുകൊണ്ട് കേന്ദ്ര ഗതാഗത നയപ്രഖ്യാപനത്തിനുശേഷം സംസ്ഥാന ഗതാഗതനയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഇല്ല. തൊഴിലാളി സംഘടനകൾ പണിമുടക്ക് നോട്ടീസ് നൽകിയിട്ടില്ല.

കാർഷിക വായ്പയായി ചെറുകിട വ്യവസായങ്ങൾക്കും കച്ചവടക്കാർക്കും തുക അനുവദിക്കുന്നത് സംബന്ധിച്ച്

9 [217] *ശ്രീ. ബിനോയ് വിശ്വം:*

,, *എം. കുമാരൻ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ കാർഷിക വികസന ബാങ്കുകൾ കൃഷിക്കാർക്ക് കാർഷിക വായ്പയായി നൽകുന്നതിനേക്കാൾ കൂടുതൽ തുക ചെറുകിട വ്യവസായങ്ങൾക്കും കച്ചവടക്കാർക്കുമായി കാർഷിക വായ്പയെന്ന നാമകരണത്തിൽ നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയെ കുറിച്ചന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമീണ കാർഷിക ധനകാര്യ സ്ഥാപനങ്ങൾ എന്തുകൊണ്ടാണ് ഇത്തരം വായ്പകൾ നൽകുവാൻ ശ്രമിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കാർഷിക വായ്പ യഥാർത്ഥ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly